**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2404** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം മണ്ഡലത്തിലെ അംഗനവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇരവിപുരം മണ്ഡലത്തിൽ അടിസ്ഥാന സൗകര്യമില്ലാത്ത എത്ര അംഗനവാടികളുണ്ടെന്നും പ്രസ്തുത അംഗനവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (എ) | (എ) ഇരവിപുരം മണ്ഡലത്തിൽ സ്വന്തമായി ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്ത അങ്കണവാടികൾ -2 എണ്ണം, സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ - 5 എണ്ണം, ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ -28 എണ്ണം. വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു.<br><br>ഇക്കാര്യം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുള്ളതും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കൊല്ലം അർബൻ-2 ഐ.സി.ഡി.എസ് പ്രൊജക്ടിൽ 5 അങ്കണവാടികൾക്ക് കോർപ്പറേഷനിൽ പ്രൊജക്ട് വച്ചിട്ടുണ്ട്. മുഖത്തല ഐ.സി.ഡി.എസ് പ്രൊജക്ടിലെ സ്വന്തമായി ടോയ്‌ലറ്റ് ഇല്ലാത്ത 2 അങ്കണവാടികൾ അടിസ്ഥാന സൗകര്യമുള്ള വാടക കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നും സ്വന്തമായി ഭൂമിയുള്ള അംഗനവാടികൾക്ക് കെട്ടിടം നിർമിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (ബി) | (ബി) 114 അങ്കണവാടികൾ.<br><br>ഇവയിൽ സ്വന്തമായി ഭൂമിയുള്ള 11 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ക്രമ നമ്പർ | പ്രൊജക്ട് | സ്വന്തമായി ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | സ്വന്തമായി കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ |
|---|---|---|---|---|
| 1 | മുഖത്തല | 2 | 0 | 17 |
| 2 | കൊല്ലം അർബൻ 1 | 0 | 0 | 6 |
| 3 | കൊല്ലം അർബൻ 2 | 0 | 5 | 5 |
| | **ആകെ** | **2** | **5** | **28** |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

| ക്രമ നമ്പർ | പ്രൊജക്റ്റ് | സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | സ്വന്തമായി ഭൂമിയുള്ളതും, കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചതുമായ അങ്കണവാടികളുടെ എണ്ണം |
|---|---|---|---|
| 1 | മുഖത്തല | 21 | 8 |
| 2 | കൊല്ലം അർബൻ 1 | 21 | 0 |
| 3 | കൊല്ലം അർബൻ 2 | 72 | 3 |
| | **ആകെ** | 114 | 11 |

സെക്ഷൻ ഓഫീസർ